പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം : 1113

12.06.2014-ൽ മറുപടി
നൽകേണ്ടത്

## ഭൂരഹിതരില്ലാത്ത കേരളം പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.ടി.ജലീൽ | ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം ഭൂമി ലഭിക്കുന്നതിനായി ആകെ എത്ര അപേക്ഷകളാണ് ലഭിച്ചത് ; | (എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം ഇതുവരെ 3,54,872 അപേക്ഷകൾ ലഭിച്ചിട്ടുള്ളതായി കാണുന്നു. |
| (ബി) ഇതിൽ എത്ര പേർക്ക് ഇതിനകം ഭൂമി നൽകാനായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; | (ബി) ഒന്നാംഘട്ടമായി 36491 പേർക്ക് ഭൂമി അനുവദിച്ചിട്ടുണ്ട്. |
| (സി) അനുവദിച്ച ഭൂമി ഏറ്റെടുക്കാത്തവരുണ്ടോ; എങ്കിൽ എത്ര; | (സി) നിലവിൽ 813 വ്യക്തികൾ അനുവദിച്ച ഭൂമി ഏറ്റെടുത്തിട്ടില്ല എന്നു കാണുന്നു. |
| (ഡി) ഭൂരഹിതരായ അപേക്ഷകർക്ക് അനുവദിച്ച ഭൂമി പിന്നീട് റദ്ദു ചെയ്തിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ജില്ലകളിൽ എത്ര പേർക്ക് ഇത്തരത്തിൽ റദ്ദു ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ ? | (ഡി) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം ഭൂമി അനുവദിക്കുകയും തുടർന്ന് റദ്ദ് ചെയ്യപ്പെടുകയും ചെയ്തിട്ടുള്ള കേസുകളുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു:— തിരുവനന്തപുരം—34, തൃശ്ശൂർ—3, കണ്ണൂർ— 3. |

C.K.V. Kumar
സെക്ഷൻ ഓഫീസർ